# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2593 06/12/2018 ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗങ്ങളുടെ ലോൺ കുടിശ്ശിക

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്നില്ലെന്ന പരാതി പരിശോധിക്കുമോ ; | എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്നില്ലെന്ന തരത്തിൽ പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |
| ബി) | സ്വന്തമായുള്ള ഭൂമി പണയപ്പെടുത്തി സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തിട്ടുള്ള പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങളുടെ ലോൺ കുടിശ്ശിക എഴുതി തള്ളുന്ന കാര്യം പരിശോധിക്കുമോ ; നടപടി സ്വീകരിക്കുമോ ? | ബി) | ഒന്നര ലക്ഷം രൂപ വരെ കാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടിക വർഗ്ഗ/ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.<br><br>കൂടാതെ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിരുന്നതും 31.03.2006 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതിയും നിലവിലുണ്ട്. 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതി തള്ളുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികൾ പട്ടികജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പാണ് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.